ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM **DATE: 04.11.2026**

പ്രധാനവാർത്തകൾ

1. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷേമമാക്കണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. പി എ സി ചെയർ പേഴ്സൺമാരുടെ രണ്ട് ദിവസത്തെ ദേശീയ സമ്മേളനത്തിന് തിരുവനന്തപുരത്ത് സമാപനം.

2. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന് ശേഷം വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവർക്ക് വീണ്ടും പേര് ചേർക്കാൻ ഫോം 6 നൽകാമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

3. സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരമുള്ള മാരിടൈം മ്യൂസിയവും ഓഷ്യനേറിയവും സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചതായി മുഖ്യമന്ത്രി വി.ഡി.സതീശൻ; പി.എസ്.സി യുടെ വിശ്വാസ്യത വീണ്ടെടുക്കുമെന്നും മുഖ്യമന്ത്രി.

4. ശാസ്ത്രീയ മനോഭാവവും യുക്തിസഹമായ അന്വേഷണ സംസ്കാരവും വിദ്യാർത്ഥികളിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ പദ്ധതിക്ക് സംസ്ഥാനത്ത് ഇന്ന് തുടക്കമാകും.

5. 'മുറസു' ചുഴലിക്കാറ്റിനെത്തുടർന്ന് ആന്ധ്രാപ്രദേശിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു; കേരളത്തിൽ ശനിയാഴ്ച വരെ മഴ തുടരും.

RNU TVPM

6. **ന്യൂസിലൻഡിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 186 റൺ വിജയലക്ഷ്യം.**

****

പി.എ.സി സമ്മേളനം

ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. തിരുവനന്തപുരത്ത് നിയമസഭാ സമുച്ചയത്തിൽ നടന്ന

പി എ സി ചെയർപേഴ്സൺമാരുടെ രണ്ട് ദിവസത്തെ ദേശീയ സമ്മേളനത്തിന്റെ സമാപന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഈ സമ്മേളനത്തിൽ ഉയർന്ന നിർദേശങ്ങൾ പി എ സികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രയോജനപ്പെടുമെന്നും ശ്രീ ഓം ബിർള അറിയിച്ചു. പാർലമെന്റ് പിഎസി ചെയർ പേഴ്സൺ കെ സി വേണു ഗോപാൽ, നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കേരള നിയമസഭാ പിഎസി ചെയർപേഴ്സൺ കെ എൻ ബാലഗോപാൽ, ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ എന്നിവർ സന്നിഹിതരായിരുന്നു.

RNJ TVPM

****

മന്ത്രിസഭാ യോഗ തീരുമാനം (ഇൻട്രോ)

സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരമുള്ള മാരിടൈം മ്യൂസിയവും ഓഷ്യനേറിയവും സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചതായി മുഖ്യമന്ത്രി വി.ഡി.സതീശൻ. മന്ത്രിസഭാ യോഗത്തിന് ശേഷം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പി.എസ്.സി യുടെ വിശ്വാസ്യത വീണ്ടെടുക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

കോഴിക്കോട് ജില്ലയിൽ പി.എസ്.സിയിലൂടെ ജോലിയിൽ പ്രവേശിച്ച ആറ് പേരെ പിരിച്ചു വിട്ട സംഭവത്തിൽ സൂപ്പർ ന്യൂമറി തസ്തിക സൃഷ്ടിച്ച് ഇവരെ നിലനിർത്താനും മന്ത്രിസഭായോഗം തീരുമാനിച്ചു.

****

ഗവർണർ - ഉപരാഷ്ട്രപതി

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണനുമായി കേരള ഗവർണർ ഓം പ്രകാശ് മാഥൂർ കൂടിക്കാഴ്ച നടത്തി. ന്യൂഡൽഹിയിലായിരുന്നു കൂടിക്കാഴ്ച. രാഷ്ട്രപതി ദ്രൗപദി മുർമുവിനേയും ഗവർണർ ഇന്നലെ സന്ദർശിച്ചിരുന്നു.

****

സയന്റിഫിക് ടെമ്പർ പദ്ധതി-മുഖ്യമന്ത്രി

സംസ്ഥാനത്ത് ശാസ്ത്രീയ മനോഭാവവും യുക്തിസഹമായ അന്വേഷണ സംസ്കാരവും വിദ്യാർത്ഥികളിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ പദ്ധതിക്ക് ഇന്ന് തുടക്കമാകും. തിരുവനന്തപുരം ഗവ: വിമൻസ് കോളേജിൽ നടക്കുന്ന ചടങ്ങിൽ ആദ്യ ഉപകേന്ദ്രത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവ്വഹിക്കും. ക്യാമ്പസുകളിലെ റാഗിങ്ങിനെതിരെ പേര് വെളിപ്പെടുത്താതെ പരാതി നൽകാൻ സാധിക്കുന്ന സിദ്ധാർത്ഥ് സ്റ്റുഡന്റ് വെൽഫെയർ ആപ്പും പുറത്തിറക്കും.

RND TVPM

****

റോജി എം ജോൺ

ഉന്നതവിദ്യാഭ്യാസരംഗത്ത് കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ കൊണ്ടുവരുമെന്ന് മന്ത്രി റോജി എം.ജോൺ. മലപ്പുറം മങ്കട ജെംസ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ ബിരുദദാന ചടങ്ങിൽ

സംസാരിക്കുകയായിരുന്നു അദ്ദേഹം. കോളേജിലെ പരീക്ഷാ കൺട്രോളറുടെ കാര്യാലയം മന്ത്രി ഉദ്ഘാടനം ചെയ്തു.

****

വോട്ടർ പട്ടിക - ഫോം 6

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന് ശേഷം വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവർക്ക് വീണ്ടും പേര് ചേർക്കാൻ ഫോം 6 നൽകാമെന്ന് വ്യക്തമമാക്കി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. പുതുതായി പട്ടികയിൽ പേര് ചേർക്കുന്നവർക്ക് ഉള്ളതാണ് ഫോം 6. ആദ്യമായാണ് പട്ടികയിൽ പേര് ചേർക്കുന്നത് എന്ന് സത്യവാങ്മൂലം നൽകുന്ന ഭാഗവും ഇതിലുണ്ട്. തെറ്റായ വിവരങ്ങൾ നൽകിയാൽ ജനപ്രാതിനിധ്യ നിയമംപ്രകാരം നടപടി എടുക്കാം. എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാർക്ക് ഇത് സംബന്ധിച്ച് വ്യക്തവരുത്തി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ കത്ത് അയച്ചു.

****

RNU TVPM

വോട്ടർപട്ടിക

സംസ്ഥാനത്ത് പ്രത്യേക സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കൽ യജ്ഞം പുരോഗമിക്കുന്നു. കരട് വോട്ടർപട്ടിക ഈമാസം 12 ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും എതിർപ്പുകളും സമർപ്പിക്കാൻ ഈ മാസം 12 മുതൽ അടുത്ത മാസം 11 വരെ സമയം ഉണ്ടായിരിക്കും. എതിർപ്പുകൾ തീർപ്പാക്കേണ്ട അവസാന തീയതി ഡിസംബർ 28 ആണ്. അന്തിമ വോട്ടർപട്ടിക 2027 ജനുവരി നാലിന് പ്രസിദ്ധീകരിക്കും. കൂടുതൽ വിവരങ്ങൾ 1950 എന്ന ടോൾ ഫ്രീ നമ്പറിൽ ലഭ്യമാണ്.

****

വയോ സമ്മാൻ

മുതിർന്ന പൗരന്മാരുടെ പരിചയസമ്പത്തും സംഭാവനകളും മികച്ച സമൂഹസൃഷ്ടിക്കായി പ്രയോജനപ്പെടുത്തുന്നതിന് കേന്ദ്ര സാമൂഹിക നീതി-ശാക്തീകരണ മന്ത്രാലയം നടപ്പിലാക്കുന്ന **'വയോ സമ്മാൻ രാഷ്ട്രീയ അഭിയാൻ'** പ്രചാരണത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. കേന്ദ്രമന്ത്രി വീരേന്ദ്ര കുമാർ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കും. യുവതലമുറയും മുതിർന്ന പൗരന്മാരും തമ്മിലുള്ള അകലം കുറയ്ക്കാനും ഐക്യം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടാണ് പദ്ധതി.

****

നിർമിത ബുദ്ധി

രാജ്യത്തെ സാങ്കേതിക രംഗത്ത് വൻ കുതിപ്പേകി തദ്ദേശീയമായി വികസിപ്പിച്ച പുതിയ എഐ മോഡലുകൾ കേന്ദ്ര സർക്കാർ പുറത്തിറക്കി. 'സൊക്കറ്റ് ലാബ്സ്' വികസിപ്പിച്ച 'ഏക-1', 'സെൻറൈക്ക്' വികസിപ്പിച്ച 'ധീർ 2B', 'ധീർ 5B' എന്നീ പ്രോഗ്രാമുകളാണ് അവതരിപ്പിച്ചത്. രാജ്യത്ത് സുരക്ഷിതമായ എഐ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ഇത് നിർണായക പങ്ക് വഹിക്കുമെന്ന് ഐടി മന്ത്രാലയം വ്യക്തമാക്കി.

RMUTVPM

****

മുറസു ചുഴലിക്കാറ്റ്

'മുറസു' ചുഴലിക്കാറ്റിനെത്തുടർന്ന് ആന്ധ്രാപ്രദേശിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനും, അതീവ ജാഗ്രത പാലിക്കാനും ജില്ലാ അധികൃതർക്ക് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു നിർദ്ദേശം നൽകി. പന്ത്രണ്ടായിരത്തിലധികം ആളുകളെയാണ് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചത്.

****

മഴ - സംസ്ഥാനം

കേരളത്തിൽ ശനിയാഴ്ച വരെ ഇടിമിന്നലോടുകൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, ഇടുക്കി, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

****

കോഴിക്കോട് (ഇൻട്രോ)

കോഴിക്കോട് ജില്ലയിൽ കൊതുകുജന്യ രോഗങ്ങൾക്കെതിരെയുള്ള ജാഗ്രത ശക്തമാക്കി. ആരോഗ്യവകുപ്പിൻറെ നേതൃത്വത്തിൽ മലേറിയ, മന്ത് തുടങ്ങിയ രോഗങ്ങൾക്കുള്ള പ്രതിരോധ നിർമാർജന പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. 159 അതിഥിത്തൊഴിലാളികളെ പരിശോധനകൾക്ക് വിധേയരാക്കി.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....

(വോയിസ്)

****

ആധാർ സേവാ കേന്ദ്രം

യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ പുതിയ ആധാർ സേവാ കേന്ദ്രം തിരുവനന്തപുരം പരുത്തിപ്പാറയിൽ പ്രവർത്തനം ആരംഭിച്ചു. അസിസ്റ്റന്റ് കളക്ടർ വിഷ്ണോയ് ദിനേശ് ഹപുറാം ഉദ്ഘാടനം ചെയ്തു. UIDAI നേരിട്ട് നടത്തുന്ന ജില്ലയിലെ ഏക ആധാർ സേവാ കേന്ദ്രമാണിത്.

RNU TVPM

****

ക്രിക്കറ്റ്

ന്യൂസിലൻഡിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 186 റൺ വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത കിവീസ് 40.2 ഓവറിൽ 185 റൺ എടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റും നഷ്ടമായി. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ, ഒടുവിൽ വിവരം ലഭിക്കുമ്പോൾ

10 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 54 റൺ എടുത്തിട്ടുണ്ട്. മത്സരം മഴ മൂലം തടസ്സപ്പെട്ടിരിക്കുകയാണ്.

****

ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ്

59 പോയിൻറ് താഴ്ന്ന് 76,858 ലും നിഫ്റ്റി 22 പോയിൻറ് ഇടിഞ്ഞ് 23,791 ലും വ്യാപാരം തുടരുന്നു. സ്വർണവില വർധിച്ചു. പവന് 200 രൂപ കൂടി ഒരു ലക്ഷത്തി 2,600 രൂപയും ഗ്രാമിന് 12,825 രൂപയുമാണ് ഇന്നത്തെ വില.

RMD TVPM

****

യു.എസ് തിരഞ്ഞെടുപ്പ്

അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടി 51 സീറ്റുകൾ നേടി ഉപരിസഭയായ സെനറ്റിന്റെ നിയന്ത്രണം പിടിച്ചെടുത്തു. പരമ്പരാഗത റിപ്പബ്ലിക്കൻ സീറ്റുകളിൽ പലയിടത്തും ഡെമോക്രാറ്റുകൾ വൻ മുന്നേറ്റമാണ് കാഴ്ചവെച്ചത്. പ്രതിനിധി സഭയിലെ 435 സീറ്റുകളിലേക്കും സെനറ്റിലെ 35 സീറ്റുകളിലേക്കും 36 ഗവർണർ പദവികളിലേക്കുമാണ് ഇടക്കാല തിരഞ്ഞെടുപ്പ് നടന്നത്.

****

ഡി.ആർ.ഡി.ഒ - ബാലിസ്റ്റിക് മിസൈൽ

ഡി ആർ ഡി ഒ തദ്ദേശീയമായി വികസിപ്പിച്ച പ്രളയ് ക്വാസി ബാലിസ്റ്റിക് മിസൈൽ വിജയകരമായി പരീക്ഷിച്ചു. ഒഡീഷ തീരത്ത് ചാന്ദിപൂരിലെ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ നിന്നായിരുന്നു പരീക്ഷണം. ഇന്നലെ വിക്ഷേപിച്ച മിസൈൽ ഏകദേശം 500 കിലോമീറ്റർ അകലെയുള്ള രണ്ട് സാങ്കൽപ്പിക ലക്ഷ്യസ്ഥാനങ്ങളിൽ വിജയകരമായി പതിച്ചു. പരീക്ഷണത്തിന്റെ സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി സമീപ ഗ്രാമങ്ങളിൽ നിന്ന് 2,500-ലധികം പേരെ ഒഴിപ്പിച്ചിരുന്നു. വിവിധ തരത്തിലുള്ള പോർമുനകൾ വഹിക്കാൻ ശേഷിയുള്ള പ്രളയ് മിസൈലിന് 500 കിലോമീറ്റർ വരെ പ്രഹരപരിധിയുണ്ട്.

****

തേനീച്ച വളർത്ത - ശിൽപശാല

സംസ്ഥാനത്ത് തേനീച്ച വളർത്തൽ മേഖലയ്ക്ക് കരുത്തേകാൻ തിരുവനന്തപുരം ഇടമലയിൽ നിർമിക്കുന്ന 'കോമൺ ഫെസിലിറ്റി സെന്ററി'ന്റെ തറക്കല്ലിടലും തേനീച്ച കർഷകർക്കായുള്ള ശിൽപശാലയും നാളെ നടക്കും. കൃഷി മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കും. "തേൻ ഉൽപ്പാദനം വർദ്ധിപ്പിക്കുക, സംസ്കരണവും മൂല്യവർദ്ധനവും" എന്ന വിഷയത്തിലാണ് ശിൽപശാല.

****

പ്രസിഡന്റ്സ് ട്രോഫി

പ്രസിഡന്റ്സ് ട്രോഫി ജലോത്സവവും ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ സമാപനവും ഈ മാസം 21 ന് കൊല്ലത്ത് നടക്കും. പരിപാടിയുടെ സുഗമമായ നടത്തിപ്പിന് സംഘാടകസമിതി ഉൾപ്പെടെ 17 ഓളം ഉപസമിതികളും രൂപീകരിച്ചു.

RNUTVPM

****

ഭാസി മലാപ്പറമ്പ് - അന്തരിച്ചു

പ്രശസ്ത ഫുട്ബോൾ എഴുത്തുകാരനും നോവലിസ്റ്റും കമൻറേറ്ററുമായ ഭാസി മലാപ്പറമ്പ് കോഴിക്കോട് അന്തരിച്ചു. 85 വയസായിരുന്നു. സന്തോഷ് ട്രോഫി, നെഹ്റു കപ്പ്,

അന്താരാഷ്ട്ര മത്സരങ്ങൾ എന്നിവയിലൂടെ കാണികൾക്ക് ഇഷ്ടപ്പെട്ട ഫുട്ബോൾ കമൻ്റേറ്ററായി അദ്ദേഹം മാറി. ആകാശവാണിക്കു വേണ്ടിയും ശബ്ദം നൽകിയിട്ടുണ്ട്.

****
****

RNU TVPM